**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 586** 29-06-2015 ൽ മറുപടിക്ക്

# ലാഭത്തിലും നഷ്ടത്തിലുമായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ നൽകുമോ; | (എ) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15 ലെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിലായിട്ടുണ്ടെങ്കിൽ നഷ്ടത്തിലായതിന്റെ കാരണങ്ങൾ വിശദമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങൾ പുനരുദ്ധരിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായമാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ നാല് വർഷമായി നടത്തിയിട്ടുള്ളത്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വിപണന ചെലവുകൾ ഉൾപ്പെടെയുള്ളവയുടെ വർദ്ധനവ്, പലിശയിനത്തിലുള്ള വർദ്ധനവുകൾ, വൈദ്യുതിചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തിന് വിഘാതമാകുന്ന കാരണങ്ങളാണ്. ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച |

ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിൻെറ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം.

പൊതുമേഖലാസ്ഥാപനങ്ങളുടെ പുരോഗതിയ്ക്ക് ആവശ്യമായ നയസമീപനങ്ങളും നടപടികളുമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. പുനരുദ്ധാരണം ആവശ്യമായ പൊതുമേഖലാസ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ഓരോ സ്ഥാപനത്തിൻെറയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദനസംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടി രൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊതുമേഖലാസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ

## Performance of PSUs under Industries Department during 2014-15 (quick estimate)

| SL.No | Company |
|---|---|
| | ***Profit making PSUs*** |
| 1 | Kerala State Industrial Development Corporation Ltd |
| 2 | Malabar Cements Ltd |
| 3 | Kerala Industrial Infrastructure Development Corporation Ltd |
| 4 | Kerala Small Industries Development Corporation Ltd |
| 5 | Kerala State Electronic Development Corporation Ltd |
| 6 | Kerala State Cashew Workers Apex Industrial Co-operative Society Ltd |
| 7 | Kerala Clays & Ceramic Products Ltd |
| 8 | Forest Industries (Travancore) Ltd |
| 9 | Keltron Electro Ceramics Ltd |
| 10 | Travancore-Cochin Chemicals Ltd |
| 11 | Kerala Artisans Development Corporation Ltd |
| 12 | Kerala State Industrial Enterprises Ltd |
| 13 | Steel Industrials Kerala Ltd |
| 14 | Kerala State Mineral Development Corporation Ltd |
| | ***Loss making PSUs*** |
| 1 | Kerala State Palmyrah Products Development & Workers Welfare Corporation Ltd |
| 2 | The Metal Industries Ltd |
| 3 | Kerala State Co-operative Textile Federation Ltd |
| 4 | Steel and Industrial Forgings Ltd |
| 5 | Handicrafts Development Corporation (Kerala) Ltd |
| 6 | Keltron Component Complex Ltd |
| 7 | Trivandrum Spinning Mills Ltd |
| 8 | Kerala State Handloom Development Corporation Ltd |
| 9 | Alleppey Co-operative Spinning Mills |
| 10 | United Electrical Industries Ltd |
| 11 | Kerala State Handloom Weavers Co-operative Society |
| 12 | The Kerala Ceramics Ltd |
| 13 | Sitaram Textiles Ltd |
| 14 | Kerala State Drugs & Pharmaceuticals Ltd |
| 15 | The Cannannore Co-operative Spinning Mills Ltd |

| | |
|---|---|
| 16 | The Quilon Co-operative Spinning Mills Ltd |
| 17 | SAIL- SCL Kerala Ltd |
| 18 | Autokast Ltd |
| 19 | The Travancore Cements Ltd |
| 20 | The Trichur Co-operative Spinning Mills Ltd |
| 21 | Kerala Automobiles Ltd |
| 22 | The Malappuram Co-operative Spinning Mills Ltd |
| 23 | Kerala State Bamboo Corporation Ltd |
| 24 | Traco Cable Company Ltd |
| 25 | Kerala Electrical & Allied Engineering Company Ltd |
| 26 | The Kerala Minerals and Metals Ltd |
| 27 | Kerala State Textile Corporation Ltd |
| 28 | Travancore Titanium Products Ltd |
| 29 | Transformers and Electricals Kerala Ltd |
| 30 | Kerala State Cashew Development Corporation Ltd |